പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1179** — **30.01.2018-ൽ**
**മറുപടിയ്ക്ക്**

# ഗ്രാമീണ റോഡുകളുടെ പണി ഏറ്റെടുക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി, എം.എൽ.എ മാർ മുഖേന നൽകുന്ന എത്ര ഗ്രാമീണ റോഡുകളുടെ പണി ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗ്രാമീണ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ, ഇത് നടപ്പാക്കി ഉൾപ്രദേശങ്ങളിലെ വീതികുറഞ്ഞ റോഡുവഴിയുള്ള ഗതാഗതം മെച്ചപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുക്കുന്നതിനായി കാബിനറ്റ് തീരുമാനം വേണം. പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാനദണ്ഡങ്ങൾ നിലവിൽ വന്നതിനുശേഷം ഗ്രാമീണ റോഡ് ഏറ്റെടുക്കുന്നതുമായും നവീകരിക്കുന്നതുമായും ബന്ധപ്പെട്ടകാര്യങ്ങൾ പരിശോധിക്കുന്നതാണ്. (ഫണ്ട് ലഭ്യത ഉൾപ്പെടെയുള്ളവ) |

| | |
|---|---|
| (സി) ഇത്തരം വീതികുറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക ഫണ്ട് അടുത്ത ബജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) & (ഡി) ഇക്കാര്യം മരാമത്ത് വകുപ്പല്ല, പഞ്ചായത്ത്, നഗരസഭ, തദ്ദേശസ്വയം ഭരണ വകുപ്പാണ് ചെയ്യുന്നത്. ധന വകുപ്പ് വഴി ക്യാബിനറ്റ് ആണ് തീരുമാനിക്കേണ്ടത്. |
| (ഡി) ഗ്രാമീണ മേഖലകളിലെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ചെറിയ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ